എം. എൽ. എ. അടക്കമുള്ള ആളുകൾ ഇത് ക്രൈംബ്രാഞ്ചിന് വിടണമെന്നു പറഞ്ഞു കൊടുത്ത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ അത് ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്. എത്രയും വേഗം നടപടി സ്വീകരിക്കാനുള്ള എല്ലാ നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ട്.

(9) പാലക്കാട് ജില്ലയിലെ വരൾച്ച

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, പാലക്കാട് ജില്ല വരൾച്ചയുടെ പിടിയിലാണെന്ന് ഈ സഭയിൽ പല പ്രാവശ്യം പറഞ്ഞു കഴിഞ്ഞതാണ്. പട്ടാമ്പിയിലാണെങ്കിൽ വാട്ടർ സപ്ലൈയുടെ പ്രവർത്തനം തീരെ അപര്യാപ്തമാണ്. നല്ല കാലത്തുപോലും നാഴിവെള്ളം കിട്ടാത്ത ഒരു വാട്ടർ സപ്ലൈയാണ് അവിടെയുള്ളത്. ആ പ്രദേശത്തു മുഴുവൻ ഇപ്പോൾ കുടിവെള്ളം കിട്ടാത്തതുകൊണ്ട് അവിടത്തെ ആളുകൾ പ്രതിസന്ധിയിലാണ്. പട്ടാമ്പിയിൽ വളരെ പാരമ്പര്യവും പഴക്കവുമുള്ള ഒരു കോളേജ് പ്രവർത്തിക്കുന്നുണ്ട്. ആ കോളേജിൽ ആയിരത്തിലേറെ വിദ്യാർത്ഥികൾ പ്രത്യേകിച്ച് പെൺകുട്ടികൾ താമസിക്കുന്ന ഹോസ്റ്റലിൽ ഒരു തുള്ളി വെള്ളംപോലും കിട്ടാത്തതിനെ തുടർന്ന് വിദ്യാർത്ഥികൾ പഠിപ്പു മുടക്കാൻ തീരുമാനിച്ചു. പി. ടി. എ. കമ്മിറ്റി കൂടി വിദ്യാർത്ഥികളുടെ പ്രക്ഷോഭം തുടരുന്നുവെങ്കിൽ കോളേജ് അടച്ചിടണമെന്ന് തീരുമാനിച്ചിരിക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായി കോളേജ് കോമ്പൗണ്ടിൽ കുഴൽ കിണർ കുഴിച്ചോ മറെറന്തെങ്കിലും സംവിധാനത്തിലോ വെള്ളം എത്തിച്ചു കൊടുക്കാൻ ആവശ്യമായ നടപടികൾ എടുക്കണം. പ്രത്യേകിച്ച് ഒരാഴ്ചക്കുള്ളിൽ അതിന് ഒരു നടപടിയുണ്ടാകുന്നില്ലെങ്കിൽ വിദ്യാർത്ഥികളുടെ വലിയ പ്രക്ഷോഭം ഉണ്ടാകും. അതിനാൽ മുഖ്യമന്ത്രി ഇക്കാര്യത്തിൽ പ്രത്യേകം താൽപ്പര്യമെടുക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ പുഴയിൽ നിന്ന് പമ്പ് ചെയ്തു ടാങ്കിൽ വെള്ളം നിറച്ച് ഉദ്ദേശം 60-70 ടാപ്പുകളിൽക്കൂടി 480 കണക്ഷൻസ് ആണ് കൊടുത്തിട്ടുള്ളത്. അതിനും പുറമെ അഞ്ച് കുഴൽ കിണറുകൾ കുഴിച്ച് വെള്ളം സപ്ലൈ ചെയ്തു വരുന്നുണ്ട്. ഈ വർഷം വെള്ളത്തിന്റെ കുറവിനെ സംബന്ധിച്ച് എല്ലാവർക്കും അറിയാം. കോളേജിനെ സംബന്ധിച്ചിടത്തോളമുള്ള ബുദ്ധിമുട്ട് എന്നു പറയുന്നത്, ഈ കോളേജ് വളരെ ഉയർന്ന പ്രദേശത്തായതുകൊണ്ട്. അവിടെ പമ്പ് ചെയ്തു വെള്ളം എത്തിക്കുന്നതിനുള്ള ബുദ്ധിമുട്ടുണ്ട്. എന്തായാലും തൽക്കാലം ഒരു മണിക്കൂർ കൊടുക്കാനേ സാധിക്കൂ. അതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. തുടർന്ന് എത്ര കണ്ട് സാധിക്കുമെന്നുള്ളത് പരിശോധിച്ചു വരികയാണ്.

(10) പള്ളുരുത്തിയിലെ പാക്വെൽ (കേരള) ഇൻഡസ്ട്രീസിലെ ലോക്കൗട്ട്

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : സർ, കഴിഞ്ഞ മൂന്നു മാസത്തിലധികമായി പള്ളുരുത്തിയിലുള്ള പാക്വെൽ (കേരള) ഇൻഡസ്ട്രീസ് എന്ന സ്ഥാപനം അടച്ചു പൂട്ടിയിരിക്കുകയാണ്. ഈ മാനേജ്മെൻറിന് വേറെ സംസ്ഥാനങ്ങളിലും ഇതേ സ്ഥാപനങ്ങളുണ്ട്. കഴിഞ്ഞ വർഷത്തേയും അതിന് മുമ്പുള്ള വർഷത്തേയും ബോണസ് അവർക്ക് കൊടുത്തിട്ടില്ല. 31-3-1985-ൽ അവസാനിച്ച ദീർഘകാല കരാറിനെ തുടർന്ന് ഒരു പുതിയ ഡിമാൻറ് തൊഴിലാളികൾ വച്ചിട്ടുണ്ട്. ഈയൊരു ഘട്ടത്തിൽ, ഇതെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

ച്ചർച്ച ചെയ്തത് ഇങ്ങനെ നീട്ടിക്കൊണ്ടു പോകുന്നതിന്റെ പശ്ചാത്തലത്തിൽ അവിടെ ചില പ്രക്ഷോഭവും സമരവും ആരംഭിച്ചിട്ടുണ്ട്. അതിനെ തുടർന്ന് 14 തൊഴിലാളികളെ കൺസിലിയേഷൻ നടക്കുന്നതിനിടയിൽ തന്നെ പിരിച്ചു വിടുകയും കമ്പനി ലോക്കൗട്ട് ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. ലേബർ ഡിപ്പാർട്ട്മെന്റ് ഇത് സംബന്ധിച്ച് കൺസിലിയേഷന് വിളിച്ച കോൺഫറൻസിൽ ഈ തൊഴിലാളികളെ തിരിച്ചെടുത്തുകൊണ്ട് കമ്പനി പ്രവർത്തന സജ്ജമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എങ്കിലും മനഃപൂർവ്വമായി മാനേജ്മെന്റ് ഈ തൊഴിലാളികളെ കഷ്ടപ്പെടുത്തുവാൻ വേണ്ടി ലോക്കൗട്ട് നീട്ടിക്കൊണ്ടുപോകുകയാണ്. അവരുടെ കഷ്ടപ്പാട് പരിഹരിക്കാൻ പ്രത്യേകിച്ച് ബന്ധപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ താൽപ്പര്യമെടുത്ത് കമ്പനി തുറപ്പിക്കാൻ വേണ്ട നടപടിയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ബോണസ് തർക്കം ഉണ്ടാവുകയും ബോണസ് തർക്കത്തിന്റെ ഒരു പരിതഃസ്ഥിതിയിൽ അവർ ടൂൾഡൗൺ സമരം ആരംഭിക്കുകയും അതിനെതുടർന്ന് മാനേജ്മെന്റ് റിട്രെഞ്ച്മെന്റ് നടത്തി അവസാനം അത് ലേഓഫിലാകുകയുമാണുണ്ടായത്. അത് വിത്ത്ഡ്രാ ചെയ്തപ്പോൾ തള്ളിക്കയറ്റമുണ്ടായി. ഇങ്ങനെയാണ് പ്രശ്നങ്ങൾ ഉണ്ടായത്. ഈ സന്ദർഭത്തിൽ ലേബർ ഡിപ്പാർട്ടുമെന്റ് ശക്തിയായി ഇടപെട്ടിട്ടുണ്ട്. ഉടൻതന്നെ ഹൈലവൽ കോൺഫറൻസ് വിളിച്ചുകൂട്ടി പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നതാണ്.

(11) ഫുട്പാത്തുകളിലെ കച്ചവടക്കാരെ പുനരധിവസിപ്പിക്കൽ

ശ്രീ. രാഘവൻ പൊഴക്കടവിൽ : സർ, തൃശ്ശൂർ മുനിസിപ്പാലിറ്റിയുടെ ഫുഡ്പാത്തുകളിൽ കഴിഞ്ഞ അനവധി വർഷങ്ങളായി ചെറിയ കച്ചവടങ്ങൾ നടത്തി ഉപജീവനം കഴിക്കുന്ന കച്ചവടക്കാർക്ക് 28-8-1984-ലെ സുപ്രീംകോടതിയുടെ നിർദ്ദേശം അനുസരിച്ച് മുനിസിപ്പാലിറ്റി നിർമ്മിച്ച ബെൽമൊത്ത് ഷോപ്പിംഗ് കോംപ്ലക്സിലും ജയ്ഹിന്ദ് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലും നിലവിലുണ്ടായിരുന്ന കച്ചവടക്കാർക്ക് കൊടുത്തത് കഴിച്ച് ബാക്കിയുള്ള മുറികൾ മാർക്കറ്റ് റേറ്റിൽ കൊടുക്കണമെന്നും ബാക്കിവരുന്നവർക്ക് ശക്തൻ നമ്പുരാൻ മാർക്കറ്റിൽ ആവശ്യമായ സൗകര്യങ്ങളോടുകൂടി ചെറിയ ഷോപ്പിംഗ് കോംപ്ലക്സ് പണിതു കൊടുക്കണമെന്നുമുള്ള നിർദ്ദേശത്തിനു കടക വിരുദ്ധമായി മുനിസിപ്പാലിറ്റി മേൽപ്പറഞ്ഞ രണ്ടു കെട്ടിടങ്ങളിലേയും 111 മുറികൾ ടെണ്ടർ വിളിച്ച് വാടകയ്ക്ക് കൊടുക്കുന്നതിന് പരസ്യം ചെയ്തു. അത് സുപ്രീംകോടതിയുടെ നിർദ്ദേശത്തിനെതിരാണെന്ന് പറഞ്ഞ് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ഫുട്പാത്തിൽ കച്ചവടം നടത്തിയിരുന്നവരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് 1972-ൽ അന്നത്തെ ലോക്കൽ ബോഡീസ് മന്ത്രിയായിരുന്ന ശ്രീ. നഫാസാഹിബ് കോൺഫറൻസ് വിളീച്ചുകൂട്ടി ചില നിർദ്ദേശങ്ങൾ പുനരധിവാസത്തിനു വേണ്ടി നൽകിയിരുന്നു. 1983-ൽ ഇന്നത്തെ മുഖ്യമന്ത്രിയും ലോക്കൽ ബോഡീസ് മന്ത്രിയും വീണ്ടും ഒരു കോൺഫറൻസ് വിളിച്ചുകൂട്ടുകയും ഫുട്പാത്തിൽ കച്ചവടം ചെയ്യുന്നവർക്ക് ഒരു ബദൽ സംവിധാനം ഉണ്ടാക്കണമെന്നും നിർദ്ദേശം നൽകുകയുണ്ടായിട്ടുണ്ട്. മുനിസിപ്പാലിറ്റി ഫോട്ടോ പതിച്ച് ലൈസൻസ് നൽകിയിട്ടുള്ളത് 192 കച്ചവടക്കാർക്കാണ്. അതുകൂടാതെ 150 പുതിയ കച്ചവടക്കാരും അവിടെ ഉണ്ടായിരുന്നു. അവർക്ക് ടെണ്ടർ വിളിച്ചിട്ടുള്ള രണ്ട് കെട്ടിടങ്ങളിലേയും മുറികൾ മാർക്കറ്റ് റേറ്റിൽ നെഗോഷിയേറ്റ് ചെയ്തു കൊടുക്കുവാനും ബാക്കിയുള്ളവർക്ക് ശക്തൻതമ്പുരാൻ മാർക്കറ്റിൽ ചെറുകിട ഷോപ്പിംഗ് കോംപ്ലക്സ് ഉടനടി പണിതീർത്ത് പുനരധിവസിപ്പിക്കുവാനുള്ള

LIBRARY ARCHIVES Kerala Legislative Assembly